# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6717     10.07.2014 ൽ മറുപടിക്ക്

**ഹീമോഫീലിയ രോഗികൾക്ക് സൗജന്യ ചികിത്സ**

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള : | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഹീമോഫീലിയ രോഗികൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഹീമോഫീലിയ രോഗികൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വരുമാനം മാനദണ്ഡമാക്കാതെ ഈ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെത്തുന്ന എല്ലായിനം രോഗികൾക്കും വരുമാനം മാനദണ്ഡമാക്കാതെ സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. രണ്ട് ലക്ഷം രൂപ വരെ വിലയുള്ള മരുന്നുകൾ കാരുണ്യ പദ്ധതി വഴി സൗജന്യമായി നൽകി വരുന്നുണ്ട്. |
| (സി) | എല്ലാ ജില്ല, ജനറൽ ആശുപത്രികളിലും ഫാക്ടർ VIII,IX എന്നീ ജീവൻ രക്ഷാമരുന്നുകൾ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഹീമോഫീലിയ രോഗികൾക്കും ലഭ്യമാക്കുമോ; | (സി) യും (ഡി) യും | ഹീമോഫീലിയ രോഗികൾക്ക് ഫാക്ടർ ഇൻജക്ഷൻ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. കാരുണ്യ ബനവലന്റ് ഫണ്ടുമായി സഹകരിച്ച് ഹീമോഫീലിയ രോഗികൾക്കുള്ള ഫാക്ടർ-7, ഫാക്ടർ-8, ഫാക്ടർ-9, ഫീബിയ തുടങ്ങിയ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന വിതരണം നടത്തി വരുന്നു. |
| (ഡി) | ആന്റി ഹീമോഫീലിക് ഫാക്ടർ VIII,IX മരുന്നുകൾ കെ.എം.എസ്.സി.എൽ വഴി സംഭരിച്ച് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | | |
| (ഇ) | ഇതിനായി പ്രസ്തുത മരുന്നുകളെ എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തിരമായി ഉത്തരവ് നൽകുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

Manjith

സെക്ഷൻ ഓഫീസർ